# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5100 | 24.10.2011-ലെ മറുപടിക്ക് |
|---|---|

## സ്വകാര്യ മാനസികാരോഗ്യകേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് അംഗീകാരം ആവശ്യമുണ്ടോ; | എ) ആവശ്യമുണ്ട് |
| ബി) ഇത്തരം കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നത് ആരാണ്; | ബി) കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി ആണ് ഇത്തരം കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നത് |
| സി) അംഗീകാരമില്ലാതെ ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ഡി) എങ്കിൽ പരിശോധന നടത്തി അർഹതയുള്ള കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | ഡി) 158 സ്വകാര്യ മാനസികാരോഗ്യ സ്ഥാപനങ്ങൾ ഇതുവരെ ലൈസൻസിനായി സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ലൈസൻസ് നൽകുവാനുള്ള നടപടികൾ തുടർന്നു വരുന്നു. കൂടാതെ, ലൈസൻസിനായി ഇനിയും അപേക്ഷ നൽകിയിട്ടില്ലാത്ത സ്ഥാപനങ്ങളെ കണ്ടെത്താനായി തദ്ദേശ സ്വയംഭരണ വകുപ്പു വഴി ഇവയുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ